**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 74 — 25.01.2018-ൽ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗക്കാർക്ക് വിദേശപഠനത്തിന് പദ്ധതികൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗത്തിലെ കുട്ടികൾക്ക് രാജ്യത്തെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദേശ സർവകലാശാലകളിലും പഠിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന കേരളത്തിനു പുറത്ത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് 02/07/2009 ലെ സ.ഉ. (അച്ചടി) നം.50/2009/പജപവവിവ പ്രകാരവും, കേന്ദ്ര സർക്കാരിന്റെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചും സ്കോളർഷിപ്പ് അനുവദിച്ച വരുന്നു. 04/10/2017 ലെ സ.ഉ. (കൈ) നം.81/2017/പജപവവിവ പ്രകാരം വിദേശസ്കോളർഷിപ്പിനായുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചതിൻപ്രകാരം ടി സ്കോളർഷിപ്പ് അനുവദിച്ച വരുന്നുണ്ട്.<br>പിന്നാക്കവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശസർവ്വകലാശാലകളിൽ പഠിക്കുന്നതിന് പിന്നാക്കവിഭാഗവികസന വകുപ്പ് മുഖേന 24/01/2014 ലെ സ.ഉ. (സാധാ) നം.11/2014/ബി.സി.ഡി.ഡി പ്രകാരം ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയും രാജ്യത്തിനകത്ത് മികച്ച സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ഒ.ബി.സി. പോസ്റ്റ്മെട്രിക്, ഒ.ഇ.സി., പോസ്റ്റ്മെട്രിക് അസിസ്റ്റൻസ് എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.<br>ദേശീയപ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പ രീതി പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് Centrally sponsored scheme പ്രകാരം അനുവദിച്ച വരുന്നു. |

| | | | |
|---|---|---|---|
| | | | +2 മുതൽ പി.എച്ച്.ഡി. വരെയുള്ള കോഴ്സുകളിൽ പ്രവേശനം നേടുന്ന ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് വഴി 23/07/2016 ലെ സ.ഉ. (പി) 04/16/പജപവവിവ പ്രകാരം OEC Postmatric Assistance നൽകി വരുന്നു |
| (ബി) | പ്രസ്തുത പദ്ധതികളുടെ ഗുണഫലം കാലതാമസമില്ലാതെ കുട്ടികൾക്ക് ലഭിക്കുന്നു എന്നുറപ്പ് വരുത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ? | (ബി) | പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് 2017 ജൂലൈ മാസം മുതൽ ഡയറക്ടറേറ്റ് തലത്തിൽ നിന്നും ഇതര സംസ്ഥാന പഠനത്തിനു വേണ്ടിയുള്ള അപേക്ഷ സമർപ്പണവും തുക വിതരണവും വികേന്ദ്രീകരിച്ച് ജില്ലാതലത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. വിദേശത്ത് പഠിക്കുന്നവർക്ക് 04/10/2017 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഡയറക്ടറേറ്റ് തലത്തിൽ നിശ്ചിത സമയത്തിനകം സ്കോളർഷിപ്പ് അനുവദിച്ചു നൽകി വരുന്നുണ്ട്.<br>പിന്നാക്ക വിഭാഗ വികസന വകുപ്പ് വിദ്യാർത്ഥികൾ ഹാജരാക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ അർഹരായ വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേയ്ക്ക് കാലതാമസമില്ലാതെ ആനുകൂല്യം അനുവദിച്ചു വരുന്നുണ്ട്. മാന്വലായി നൽകി വരുന്ന ആനുകൂല്യം, 2018-19 മുതൽ അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് പരിശോധന പൂർത്തിയാക്കി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ നൽകുന്നതിന് നടപടിയെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ